# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2543                07.10.2016 ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യനിരക്ക്**

| ചോദ്യം<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായ കാസർഗോഡ് ജില്ലയിൽ നിന്ന് ധാരാളം വിദ്യാർത്ഥികൾ ദിവസവും മംഗലാപുരത്ത് ചെന്നാണ് പഠിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിന്റെ കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കെ.എസ്.ആർ.ടി.സി യുടെ അന്തർസംസ്ഥാന സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചിട്ടില്ല. എന്നാൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ 20 ദിവസത്തെ യഥാർത്ഥ നിരക്കിൽ ഒരു മാസം (31 ദിവസം) യാത്ര ചെയ്യുവാൻ കഴിയുന്ന സീസൺ ടിക്കറ്റ് സമ്പ്രദായം കെ.എസ്.ആർ.ടി.സി ഏർപ്പെടുത്തിയിട്ടുണ്ട്. ടി സൗകര്യം ഈ റൂട്ടിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) | കാസർഗോഡ് നിന്ന് മംഗലാപുരത്തേക്ക പോകുന്ന കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്ക് അനുവദിക്കാൻ തയ്യാറാകുമോ; ജനപ്രതിനിധികളോ സംഘടനകളോ വ്യക്തികളോ ഈ ആവശ്യം നിവേദനങ്ങളിലൂടെയോ മറ്റുതരത്തിലോ ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ബഹു.കാഞ്ഞങ്ങാട്എം.എൽ.എ ശ്രീ.ഇ.ചന്ദ്രശേഖരൻ 2014-ൽ ഈ ആവശ്യം ഉന്നയിച്ചിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി. യുടെ അന്തർ സംസ്ഥാന സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ചിട്ടില്ലാത്തതിനാൽ കാസർഗോഡ്-മംഗലാപുരം റൂട്ടിലും യാത്രാസൗജന്യം അനുവദിക്കാൻ നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| (സി) | കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളിൽ മംഗലാപുരത്ത് ചെന്ന് പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്ക് അനുവദിക്കുമ്പോൾ സംസ്ഥാനത്തെ ബസ്സുകളിൽ അത് ലഭിക്കുന്നില്ലെന്നത് നീതിനിഷേധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് അവസാനിപ്പിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | കർണ്ണാടക ആർ.ടി.സി. മലയാളി വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നില്ല. എന്നാൽ 'ഗടിനാട് കന്നഡിഗ' (അതിർത്തിയിൽ താമസമുള്ള കന്നഡക്കാർ) എന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിച്ച് വരുന്നുണ്ട്. വിദ്യാർത്ഥിയുടെ അച്ഛനോ അമ്മയോ ആരെങ്കിലും ഒരാൾ കന്നഡക്കാരൻ ആയിരിക്കണമെന്ന് നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ